ലൂക്കാ 4:16 - 22

ജനുവരി 15: ദനഹായക്കുശേഷം 2-ാം ഞായർ

ഭാഷ്യം

I. സന്ദർഭം

ജ്ഞാനസ്നാനത്തിലൂടെ ദൈവപുത്രനെന്ന സ്വയാവബോധം ഉണ്ടായി (3:2). തുടർന്ന് യേശുവിന്റെ വംശാവലി ദൈവത്തിൽ നിന്ന് ആരംഭിച്ചതും അവതരിപ്പിക്കപ്പെട്ടു (3:38). മരുഭൂമിയിലെ പരീക്ഷയ്ക്ക് യേശുവിന്റെ അവസാന മറുപടി "നീ നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" (4:12) എന്ന ത ന്റെ ദൈവീകതയുടെ വെളിപ്പെടുത്തലാണ്. യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ രീതി വളരെ ചുരുങ്ങിയ വാക്കുകളിൽ സുവിശേഷകൻ വിവരിക്കുന്നു (4:14-15). യേശു പ്രസിദ്ധനായിതീർന്നു എന്ന വിവരണം, തന്റെ ജന്മനാട്ടിലെ പരസ്യപ്രഖ്യാപനത്തിന് യുക്തമായ പശ്ചാത്തലമൊരുക്കുന്നുണ്ട്.

II. പ്രമേയം

ദൈവത്തിന്റെ പുത്രനും, ദൈവത്തിൽ നിന്ന് വന്നവനും ദൈവമായ കർത്താവു തന്നെയുമായ യേശു, തന്റെ ദൈവിക ദൗത്യം എന്താണെന്ന് പ്രഖ്യാപിക്കുന്നതാണ് വചനഭാഗത്തെ പ്രമേയം. അതിന് പ്രവാചക ഗ്രന്ഥങ്ങളെ, ഏശയ്യ 61-നെ കൂട്ടുപിടിച്ചുകൊണ്ട് ദൈവം തന്നെ അയച്ചിരിക്കുന്നത് "ദരിദ്രരോട് സദ്വാർത്ത" അറിയിക്കാനാണ്; എന്ന് അസന്നിഗ്ധമായി പ്രസ്താവിക്കുന്നു.

III. സന്ദേശം

1. ദൈവം തന്നെയായ യേശുക്രിസ്തു ദൈവികഭാവം എന്താണെന്ന് പ്രകടമാക്കുന്നു. പഴയനിയമത്തിൽ യഹോവ തന്റെ നിലപാട് വ്യക്തമാക്കുന്നത്, ഈജിപ്തിലെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ജനത്തെ മോചിപ്പിക്കുന്ന ഘട്ടത്തിലാണ്. 'ജനത്തിന്റെ ക്ലേശങ്ങൾ കണ്ടു' രോദനം കേട്ട്, യാതനകൾ അറിഞ്ഞ്.. അവരെ മോചിപ്പിച്ച് കാനാൻ ദേശത്തേക്ക് നയിക്കാൻ ഇറങ്ങിവരുന്ന ദൈവത്തിന്റെ ചിത്രം പുറപ്പാട് 3:7-8ൽ നാം കാണുന്നു. ഇസ്രായേൽ ജനം മറ്റൊരു പ്രതിസന്ധിയിലായിരുന്ന ബാബിലോൺ വിപ്രവാസത്തിനും അറുതി വരുത്തുന്നതിന്റെ സൂചനയാണ് ഏശയ്യ 61-ൽ വിവരിക്കുന്നത്. ഈ

ഭാവങ്ങൾ ഉൾക്കൊണ്ടാണ് യേശു തന്റെ ദൗത്യം കണ്ണീരൊപ്പലാണ്, വിമോചനമാണ്, ദരിദ്രർക്കുള്ള സദ്വാർത്തയാണെന്ന് പ്രഖ്യാപിക്കുന്നത്. യേശുവിനെ സ്വീകരിക്കുന്നവൻ യേശുവിന്റെ പേരിൽ അറിയപ്പെടുന്നവ ർ നിശ്ചയമായും ഈ ദൈവിക ദൗത്യത്തിൽ പങ്കുചേരുന്നവരാകണം.

2. പഴയനിയമത്തിലെ വിമോചനം, പ്രത്യേക ജനവിഭാഗത്തെ, യഹൂദജനതയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. എന്നാൽ യേശു ഉദ്ധരിക്കുന്ന ഏശയ്യാ പ്രവചനം സാർവ്വത്രികതയുടേതാണ്. "ദരിദ്രർ, ബന്ധിതർ, അന്ധർ, അടിച്ചമർത്തപ്പെട്ടവർ" എന്നിവർക്ക് ജാതിയില്ല, മതമില്ല, ഭാഷാന്തരങ്ങളില്ല, നിറഭേദങ്ങളില്ല, ലിംഗവ്യത്യാസമില്ല. സുവിശേഷ ശുശ്രൂഷ ഏതു ദിശയിലേക്ക് തിരിയണം എന്നത് വ്യക്തമാക്കുന്നതാണ് ഈ സംജ്ഞകൾ. എവിടെയെല്ലാം ദരിദ്രരുണ്ടോ... ബന്ധിതരുണ്ടോ... അവിടേക്കെല്ലാം ക്രിസ്തുശിഷ്യൻ എത്തണം, കണ്ണുതിരിക്കണം, കാതുകേൾക്കണം, കൈകൾ നീട്ടണം. ആദിവാസികൾക്കും, ദളിതർക്കും, വടക്കേന്ത്യൻ ഗ്രാമങ്ങളിലെ അടിമത്വമനുഭവിക്കുന്നവർക്കും നൈജീരിയായിലും തുടങ്ങി എവിടെയൊക്കെ മനുഷ്യർ വേദനിക്കുന്നുണ്ടോ അവിടെയെല്ലാം നമ്മുടെ പ്രേഷിതർ എത്തുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല.

3. 'കർത്താവിന് സ്വീകര്യമായ വത്സരം' പ്രഖ്യാപിക്കുന്നതു കേട്ട് ജനം അത്ഭുതപ്പെട്ടു. അവർ ഉള്ളുതുറന്ന് സന്തോഷിച്ചു (4:21-22). ദൈവത്തിന്റെ ദിനം, കർത്താവ് ദരിദ്രർക്കായി ഇടപെടുന്ന അവസരമാണ്. കൃഷിയിടങ്ങൾ വെറുതെയിടുന്നത് ദരിദ്രർക്ക് അതിന്റെ ഫലമെടുക്കാനാണ്. നഷ്ടപ്പെട്ട ഭൂമി തിരിച്ചുകിട്ടുന്ന അവസരമാണത്. അടിമകളായവർ സ്വതന്ത്രരാകുന്ന അവസരം (ലേവ്യ 25:1-22). കരുണയുടെ വിശുദ്ധവർഷമായി നാം ആചരിച്ചപ്പോഴും ദൈവത്തിന്റെ ഈ ഭാവം പകർന്നുനൽകാനായിരുന്നു നാം ശ്രമിച്ചത്. പഴയനിയമത്തിലെ 'പ്രതികാരദിനം' (ഏശ 61:2) ഒഴിവാക്കി, എല്ലാവർക്കും കള്ളനും (ലൂക്കാ 23:43), അഴിമതിക്കാരനും (19:1-10) പാപിനിക്കും (7:36-50) വിജാതീയർക്കും (7:1-10) എല്ലാവർക്കും അനുഭവിക്കാവുന്ന, സ്വന്തമാക്കാവുന്ന സുവിശേഷമാണ് യേശു പ്രഘോഷിച്ചത്. അതുകൊണ്ടാണ് മദർ തെരേസ വിശുദ്ധ അമ്മയായത്. സിസ്റ്റർ റാണിമരിയയും, വത്സ യും ഒക്കെ ആദരണീയരാകുന്നത്.

ഡോ. ജേക്കബ് മുല്ലൂർ

പ്രസംഗം

നന്മയുടെ ജാലകം തുറക്കാം

പഠനത്തിൽ ഏറെ പിന്നിൽ നിന്നിരുന്ന ഒരു കുട്ടി സ്വയം തീരുമാനിച്ചു തന്റെ നാടുവിട്ടുപോകണമെന്ന്. മദ്യപാനിയായ പിതാവിന്റെ നിരന്തര ഉപദ്ര

വത്തിനിരയായിരുന്ന അവനു എങ്ങനെയെങ്കിലും രക്ഷപെട്ടാൽ മതിയെന്നായി ചിന്ത. ഒരു ദിവസം അവൻ ആ നാടുവിട്ട് പട്ടണത്തിൽ എത്തി. ഏറെ അലഞ്ഞു തിരിഞ്ഞതിനു ശേഷം ഒരു വൃദ്ധന്റെ അരികിൽ ജോലി ലഭിച്ചു. അതിനിടയിൽ സ്വന്തം അദ്ധ്വാനംകൊണ്ട് അവൻ പഠിച്ച് മിടുക്കനായി. ഏറെ നാളുകൾക്കുശേഷം തന്റെ നാട്ടിൽ തിരിച്ചെത്തിയെങ്കിലും ആരും അവനെ ഗൗനിക്കുന്നില്ല. ഏറെ വിഷമത്തോടെ അവൻ വീണ്ടും ആ പഴയ വൃദ്ധന്റെ അരികിലെത്തി. വൃദ്ധൻ അവനൊരു ഉപദേശം നൽകി, പിന്നോട്ടു നോക്കാതെ മുന്നോട്ടു മാത്രം നോക്കുക . അത് വലിയ പ്രചോദനമായിരുന്നു.

നാളുകൾ ഏറെ കഴിഞ്ഞു. ആ പഴയ ഗ്രാമത്തിൽ ഒരു കമ്പനി സ്ഥാപിക്കപ്പെട്ടു. ആ കമ്പനിക്ക് വിവിധ നാടുകളിൽ ശാഖകളുണ്ടായിരുന്നു. ഒരു ദിവസം കമ്പനിയുടെ ഉടമ സിഇഒയോടു പറഞ്ഞു; ഈ കമ്പനി ഇനിയും ഇങ്ങനെ ഇവിടെ തുടർന്നാൽ നഷ്ടം ഏറെ സഹിക്കേണ്ടി വരും. അതുകൊണ്ട് എത്രയും വേഗം അടച്ചു പുട്ടുന്നതാണ് നല്ലത്. എന്നാൽ സിഇഒ പറഞ്ഞു, അടച്ചു പൂട്ടേണ്ട പകരം അവിടെ കൂടുതൽ സംരഭങ്ങൾ കൊണ്ടുവരാം. അല്ലെങ്കിൽ അവിടെയുള്ള കുടുംബങ്ങളെല്ലാം പട്ടിണിയിലാണ്ടു പോകും. ഉടമ അതെല്ലാം സമ്മതിച്ചു, കൂടുതൽ സംരഭങ്ങൾ കൊണ്ടുവന്നു. വീണ്ടും പ്രവർത്തനം ഊർജ്ജസ്വലമായി മുന്നോട്ടു പോയി. ഒരു ദിവസം കമ്പനിയുടെ ഉടമ ആ നാട് സന്ദർശിക്കാൻ തീരുമാനിച്ചു. ആ നാട്ടിലെ വിശേഷങ്ങളെല്ലാം ചോദിച്ചു മനസിലാക്കി. ആ കൂട്ടത്തിൽ ആ പഴയ ബാലനെക്കുറിച്ചും അവർ പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞശേഷം കമ്പനിയുടെ ഉടമ പറഞ്ഞു, ഞങ്ങളുടെ കമ്പനിയുടെ വിജയത്തിനു കാരണം നിങ്ങൾ ആട്ടി പായിച്ച ആ ബാലനാണ്. ഞങ്ങളുടെ കമ്പനിയുടെ സി ഇ ഒ. അവന്റെ നിർദ്ദേശ പ്രകാരമാണ് അടച്ചു പൂട്ടാൻ തീരുമാനിച്ച ഈ കമ്പനിയിൽ കൂടുതൽ നിക്ഷേപങ്ങൾ ഇറക്കാൻ ഞങ്ങൾ തയ്യാറായത്. കൊത്തൊനുപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായി തീരുമെന്ന ദൈവവചനം ഇവിടെ മൂല്യമുള്ളതായി മാറി. ആ യുവാവിനെ സ്വന്തം നാട്ടുകാർ അംഗീകരിക്കാൻ തുടങ്ങി.

നമ്മുടെ കാഴ്ചപ്പാടിലുണ്ടാകേണ്ട വ്യത്യാസത്തെക്കുറിച്ചാണ് ഇന്നത്തെ വിചിന്തനഭാഗം.

ക്രിസ്തുവിനെക്കുറിച്ച് യഹൂദർക്കിടയിൽ ഉണ്ടായിരുന്ന മനോഭാവം ഇവൻ ജോസഫിന്റെ മകനല്ലേ?. ഇവന്റെ കുടുംബത്തെ നമ്മുക്കറിയാവുന്നതല്ലേ? എന്നൊക്കെയായിരുന്നു. ഇന്നും ജനം ഇതേ ചോദ്യം ആവർത്തിക്കുന്നു. നമ്മയുടെ നിറവുകളെ വിവേചിച്ചറിയുന്നതിനു പകരം പുർവ്വകാല ചരിത്രങ്ങൾ ചികഞ്ഞെടുത്ത്, വിമർശിച്ചു മാറ്റി നിറുത്തുന്ന ശൈലി അന്നും ഇന്നും ഒന്നു തന്നെ. യേശുവിലുള്ള ദൈവീക ജ്ഞാനത്തെ വിവേചിച്ചറിയാൻ കഴിയാതിരുന്ന യഹൂദജനത പരസ്പരം ചോദിക്കുന്നു, ഈ അറിവും വാക്ചാതുര്യവും എവിടെ നിന്ന് ഇവൻ കരസ്ഥമാക്കി ? ഇന്നും ചോദിക്കുന്ന അസൂയ

നിറഞ്ഞ ഈ ചോദ്യത്തിനു ക്രിസ്തുവിന്റെ കാലങ്ങളോളം പഴക്കമുണ്ട് എന്ന വസ്തുത മറക്കാതിരിക്കാം. എന്നാൽ ആ ചോദ്യത്തെ ബുദ്ധിപൂർവ്വം അതി ജീവിക്കുകയും കാലാന്തരത്തിൽ മനുഷ്യരിൽ വരുത്തേണ്ട മനോഭാവത്തെ ഇവിടെ യേശു വിഷയമാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഒരു ലോക തത്വമെന്ന നിലയിൽ യേശു ഇപ്രകാരം പറഞ്ഞത്, ഒരു പ്രവാചകനും സ്വ ന്തം ദേശത്ത് അംഗീകരിക്കപ്പെട്ടിട്ടില്ലായെന്ന്. എന്നാൽ ക്രിസ്തു ഈ പാര മ്പര്യ മനോഭാവങ്ങൾക്ക് എതിരായിരുന്നു. അതുകൊണ്ടാണ് ധൈര്യപൂർവ്വം സിനഗോഗിൽ കടന്നു ചെന്ന് യേശു വായിക്കാൻ എഴുന്നേറ്റ് നിന്നത്.

ബൈബിളിലെ പഴയ നിയമത്തിൽ പൂർവ്വ പിതാവായ ജോസഫിനെക്കു റിച്ച് വിവരണമുണ്ട്. സഹോദരങ്ങൾ പൊട്ടകിണറ്റിൽ തള്ളിയവനെ ദൈവം ഉയർത്തി. അതും തങ്ങളുടെ ദേശത്തിന്റെ നന്മയ്ക്കായി. വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ ജീവിതത്തിലും സമാനമായ രംഗമുണ്ട്. പാറ മടയിലെ ജോലിക്കിടയിൽ വലിയോരു ഗർത്തത്തിൽ വീണു പോകുന്ന അദ്ദേഹത്തെ പരി. മാതാവിന്റെ മാധ്യസ്ഥ്യത്താൽ ഉയർത്തി ഉന്നതങ്ങളിലേക്ക്, പത്രോ സിന്റെ സിംഹാസനത്തോളം വളർത്തി.

ക്രിസ്തുവിനെ യഹൂദ ജനത അംഗീകരിക്കാതിരുന്നത് ചില അബദ്ധധാ രണകൾ അവർക്കിടയിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. യേശു പാർശ്വവത്ക്ക രിക്കപ്പെട്ടവരുടെ പക്ഷം ചേർന്നത് അവർക്കു ഉൾക്കൊള്ളാനായില്ല. ഇന്നത്തെ സമകാലിക സാഹചര്യത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്കുള്ള മുന്നേറ്റം ചോദ്യം ചെയ്യപ്പെടുന്നുണ്ട്.

യേശു തന്റെ ജീവിത നിയോഗം എന്തെന്നുള്ളതിനുള്ള ഉത്തരമാണ് ഏശയ്യാ പ്രവാചകന്റെ വാക്കുകളിലൂടെ വെളിപ്പെടുത്തിയത്. കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭി ഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യവുമായ വത്സ രവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു (ലൂക്ക 4, 19).

നമ്മുടെ ജീവിതനിയോഗം എന്താണെന്ന് തിരിച്ചറിഞ്ഞ് ജീവിക്കാൻ തുട ങ്ങാം. ജോർജ് ബർണാഡ് ഷാ ഒരിക്കൽ പറഞ്ഞു, നിങ്ങൾ സ്വയം ഒരു ജാ ലകമാണ്. ആ ജാലകത്തിൽകൂടിയാണ് നിങ്ങൾക്കു ചുറ്റുമുള്ള ലോകത്തെ നോക്കികാണേണ്ടത്. അതുകൊണ്ട് ആ ജാലകത്തെ സ്വയം വൃത്തിയായി സൂക്ഷിക്കുക. മറ്റുള്ളവർ നിങ്ങളെ എങ്ങനെ നോക്കുന്നു എന്നതിലല്ല, നാം നമ്മെ എങ്ങിനെ നോക്കുന്നു എന്നതാണ് നമ്മുടെ വിജയത്തിനാസ്പദം. മറ്റുള്ളവരുടെ അംഗീകാരത്തേക്കാൾ ദൈവത്തിന്റെ മുമ്പിൽ നീതി പൂർവ്വം പ്രവർത്തിച്ചോ എന്നു നമുക്കു വിലയിരുത്താം. അവിടെയാണ് നമ്മുടെ വിജ യവും അംഗീകാരവും.

ഫാ. സുബിൻ കിടങ്ങേൻ